**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1159** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ആറന്മുളയിലെ ടൂറിസം വികസനത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അബിൻ വർക്കി കോടിയാട്ട് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിരിന്റെ കാലത്ത് പൈതൃകഗ്രാമമായ ആറന്മുളയിലെ ടൂറിസം വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ആറന്മുളയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് GO(Rt) No.32/2019/TSM ഉത്തരവ് പ്രകാരം 50,00,000/- രൂപയുടെ ആറന്മുള ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പദ്ധതി 2021- ൽ പൂർത്തീകരിച്ചു. ആറന്മുള സത്രക്കടവിൽ ഫിനിഷിങ് പോയിന്റിനോട് ചേർന്ന് നിലവിലുള്ള വി ഐ പി പവലിയൻ നിർമ്മാണം, പടികളുടെയും, റാമ്പുകളുടെയും നവീകരണം, ഭൂമി നിരപ്പാക്കലും നടപ്പാതയിൽ ഇന്റർലോക്ക് വിരിക്കുന്ന പ്രവർത്തികളും സൗന്ദര്യവൽക്കരണവും, സ്റ്റീൽ ഫാബ്രിക്കേഷൻ വർക്ക് തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു. കൂടാതെ ഡി റ്റി പി സി യുടെ ആറന്മുള ജവാൻ സ്മാരകത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഫെസിലിറ്റേഷൻ സെന്ററിന്റെ നവീകരണത്തിനായി 3.75 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി. 26/09/2017ലെ 464/2017/TSM നമ്പർ ഉത്തരവ് പ്രകാരം ആറന്മുളയിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിനോട് ചേർന്ന് 7.9 ലക്ഷം രൂപയുടെ ബാരിയർ ഫ്രീ ടോയ്‌ലറ്റും നിർമ്മിച്ചിട്ടുണ്ട്.

**(ബി)** ആറന്മുളയിലെ ടൂറിസം വികസനത്തിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ആറന്മുള വികസനത്തിന്റെ ഭാഗമായി നവകേരളാ സദസ്സിൽ ഉൾപ്പെടുത്തി 7 കോടി രൂപ പിൽഗ്രിം ആൻഡ് ഹെറിറ്റേജ് ടൂറിസം പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ളതാണ്. എന്നാൽ പിൽഗ്രിം ടൂറിസം പദ്ധതിയ്ക്കായി സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**